# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3014 — 11.12.2014 ൽ മറുപടിയ്ക്ക്

### അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ

**ചോദ്യം**

ഡോ. കെ.ടി. ജലീൽ

**ഉത്തരം**

ശ്രീ. പി.കെ. അബ്ദുറബ്ബ്
വിദ്യാഭ്യാസ വകുപ്പുമന്ത്രി

(എ) സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ എത്രയാണെന്നതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ വിശദമാക്കാമോ;

(എ) വ്യക്തികളും സ്ഥാപനങ്ങളും വകുപ്പു നിർദ്ദേശങ്ങളോ സർക്കാർ അനുശാസിച്ചിരിക്കുന്ന മാനദണ്ഡങ്ങളോ സ്വീകരിക്കാതെ വിദ്യാലയങ്ങൾ നടത്തിവരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇപ്രകാരം അനധികൃതമായി പ്രവർത്തിക്കുന്ന സ്കൂളുകളുടെ വ്യക്തമായ കണക്ക് ലഭ്യമല്ല.

(ബി) ഈ സർക്കാരിന്റെ കാലത്ത് ഇതിനകം ഇത്തരത്തിലുള്ള എത്ര സ്കൂളുകൾക്ക് പുതുതായി അംഗീകാരം നൽകുകയുണ്ടായിട്ടുണ്ട്; ഈ സർക്കാർ അംഗീകാരം നൽകിയ മൊത്തം സ്കൂളുകളുടെ ലിസ്റ്റ് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സംസ്ഥാന സിലബസ്സ് പിൻതുടരുന്ന സ്കൂളുകൾക്ക് ഈ സർക്കാരിന്റെ കാലത്ത് അംഗീകാരം നൽകിയിട്ടില്ല.

(സി) സംസ്ഥാനത്തിപ്പോൾ സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ്, അനധികൃതം എന്നിങ്ങനെ ഓരോ മേഖലയിലും ഉള്ള സ്കൂളുകൾ എത്ര;

(സി) സംസ്ഥാനത്ത് നിലവിൽ സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ്, അനധികൃതം എന്നിങ്ങനെ ഓരോ മേഖലയിലുള്ള വിദ്യാലയങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

<u>സർക്കാർ വിദ്യാലയങ്ങൾ:</u>

| | | |
|---|---|---|
| എൽ.പി. | - | 2601 |
| യു.പി. | - | 857 |
| എച്ച്.എസ് | - | 1161 |
| ആകെ | - | 4619 |

എയ്ഡഡ് വിദ്യാലയങ്ങൾ

| | | |
|---|---|---|
| എൽ.പി. | - | 3893 |
| യു.പി. | - | 1846 |
| എച്ച്.എസ് | - | 1406 |
| ആകെ | - | 7145 |

അൺ എയ്ഡഡ്

| | | |
|---|---|---|
| എൽ.പി. | - | 249 |
| യു.പി. | - | 205 |
| എച്ച്.എസ് | - | 397 |
| ആകെ | - | 851 |

അനധികൃതം

അനധികൃതമായി പ്രവർത്തിക്കുന്ന സ്കൂളുകളുടെ കണക്ക് ലഭ്യമല്ല.

(ഡി) അംഗീകാരത്തിനായി അപേക്ഷ ക്ഷണിച്ചതനുസരിച്ച് സർക്കാരിന് ലഭിച്ച അപേക്ഷകൾ എത്ര; ഇതിൽ എത്ര എണ്ണത്തിന് പുതുതായി അംഗീകാരം നൽകാൻ ഉദ്ദേശിക്കുന്നു;

(ഡി) സംസ്ഥാനത്തെ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സംസ്ഥാന സിലബസ്സ് പിൻതുടരുന്ന സ്കൂളുകൾക്ക് വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ അംഗീകാരം നൽകുന്നതിനുള്ള വ്യക്തമായ മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള മാനദണ്ഡങ്ങൾ പ്രകാരം അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് അപേക്ഷ സമർപ്പിക്കുന്ന സമയപരിധി 31.12.2014 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുള്ളതിനാൽ കൃത്യമായ അപേക്ഷകളുടെ എണ്ണം ലഭ്യമല്ല.

(ഇ) അംഗീകാരമില്ലാതെ പ്രവർത്തിച്ച് വന്നിരുന്ന സ്കൂളുകൾക്ക് സർക്കാർ അംഗീകാരം നൽകുന്നതിന്റെ ഉദ്ദേശ്യം എന്താണ്; ഇത് അനധികൃത സ്കൂളുകൾ പെരുകുന്നതിന് കാരണമായിട്ടില്ലേ; വിശദാംശം ലഭ്യമാക്കുമോ?

(ഇ) വിദ്യാഭ്യാസ അവകാശ നിയമം അനുശാസിക്കുന്നതു പ്രകാരമാണ് അംഗീകാരം നൽകാൻ തീരുമാനിച്ചിരിക്കുന്നത്. ആയതു പ്രകാരം സ്കൂളുകൾ പെരുകുന്നതിന് കാരണമാകുന്നുവെന്ന വാദത്തിന് അടിസ്ഥാനമില്ലെന്ന് വിലയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ